കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടിക വർഗ്ഗ വികസനം - പട്ടികവർഗ്ഗ വിഭാഗക്കാർ ഉൾപ്പെടുന്ന മിശ്ര വിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടുന്ന മിശ്ര വിവാഹിതർക്കുള്ള ധനസഹായത്തിനുള്ള വാർഷിക കുടുംബ വരുമാന പരിധി ഉയർത്തി നിശ്ചയിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പട്ടികജാതി പട്ടിക വർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ.(കൈ) നം. **43/2012**/പജപവവിവ തീയതി, തിരുവനന്തപുരം, **08/03/2012**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 1. സ.ഉ.(കൈ) നം.41/03/പജപവവിവ തീയതി 04/04/2003
2. സ.ഉ.(സാധാ) നം.559/06/പജപവവിവ തീയതി 01/08/2006
3. സ.ഉ.(കൈ) നം.43/08/പജപവവിവ തീയതി 28/03/2008
4. സ.ഉ.(കൈ) നം.42/09/പജപവവിവ തീയതി 01/06/2009
5. കേരള നിയമസഭയിലെ സ്ത്രീകളുടെയും കുട്ടികളുടെയും വിഗലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2006-2008) യുടെ നാലാമത് റിപ്പോർട്ടിലെ ശുപാർശ

## <u>ഉത്തരവ്</u>

പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർ ഉൾപ്പെടുന്ന മിശ്ര വിവാഹിതർക്ക് 10,000/- രൂപ ധനസഹായം നൽകുകയും പ്രസ്തുത ധനസഹായത്തിനുള്ള വാർഷിക കുടുംബ വരുമാന പരിധി പരാമർശം 3 പ്രകാരം 22,000/- രൂപയായി നിശ്ചയിക്കുകയും ചെയ്തിരുന്നു.

പരാമർശം. 4-ലെ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗക്കാർ ഉൾപ്പെടുന്ന മിശ്ര വിവാഹിതർക്ക് 50,000/- രൂപ ധനസഹായം നൽകുകയും പ്രസ്തുത ധനസഹായത്തിനുള്ള വാർഷിക കുടുംബ വരുമാന പരിധി പരാമർശം 2 പ്രകാരം 22,000/- രൂപയായി നിശ്ചയിക്കുകയും ചെയ്തു.

മിശ്ര വിവാഹിതർക്ക് നൽകി വരുന്ന ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്നും ഏകീകരിക്കണമെന്നും ധനസഹായം നൽകുന്നതിനുള്ള വരുമാന പരിധി ഉയർത്തി നിശ്ചയിക്കണമെന്നും പരാമർശം 5 പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും വിഗലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2006-2008) യുടെ നാലാമത് റിപ്പോർട്ടിലെ 23-ാം ഖണ്ഡികയിൽ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ടി ശുപാർശ വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വിഭാഗം ഉൾപ്പെടുന്ന മിശ്ര വിവാഹിതർക്കുള്ള ധനസഹായം 10,000/- രൂപയിൽ നിന്ന് 50,000/- (അൻപതിനായിരംരൂപ മാത്രം) രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടുന്ന മിശ്ര വിവാഹിതർക്കുള്ള ധനസഹായത്തിനുള്ള വാർഷിക കുടുംബ വരുമാന പരിധി 22,000/- രൂപയിൽ

നിന്നും 40 000/ (നാല്പതിനായിരം രൂപ മാത്രം) രൂപയായി ഉയർത്തി നിശ്ചയിച്ചുകൊണ്ടും [illegible]
ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ഡോ.എസ്.സുബ്ബയ്യ,
പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ,പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ,പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും
(പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന).
എല്ലാ ട്രൈബൽ ഡവലപ്മെൻറ് ആഫീസർമാർക്കും/പ്രോജക്ട് ആഫീസർമാർക്കും
(പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ(ആഡിറ്റ്)/ (എ & ഇ), കേരള, തിരുവനന്തപുരം
കരുതൽഫയൽ/ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ